**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2826** **13-02-2024 - ൽ മറുപടിയ്ക്ക്**

**ആലപ്പുഴയിലെ പോർട്ട് നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി) | |
| (എ) | മുസിരിസ് പൈതൃക പദ്ധതിയിൽ ഉൾപ്പെടുത്തി ആലപ്പുഴയിൽ നിർമ്മിക്കുന്ന പുതിയ കടൽ പാലത്തിന്റെ നിർമ്മാണ നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | മുസിരിസ് ഹെറിറ്റേജ് പൈതൃക പദ്ധതിയിൽ ഉൾപ്പെടുത്തി നിലവിൽ കടൽപ്പാലത്തിന്റെ നിർമ്മാണ നടപടികൾ നടപ്പിലാക്കി വരുന്നില്ല. എന്നാൽ KIFB യിൽ ഉൾപ്പെടുത്തി ആലപ്പുഴ ഹെറിറ്റേജ് പദ്ധതിയുടെ ഭാഗമായി കടൽപ്പാലത്തിന്റെ നിർമ്മാണത്തിനായുള്ള നടപടികൾ നടന്നു വരുന്നു. പ്രസ്തുത പദ്ധതിയുടെ SPV ആയി M/s.INKEL Ltd നെ നിയമിച്ചിരുന്നു. പ്രവർത്തികൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഏജൻസിയെ കണ്ടെത്തുന്നതിന് ടെണ്ടർ നടപടികൾ നടത്തുകയും അവയുടെ പരിശോധന അവസാന ഘട്ടത്തിലുമാണ്. |
| (ബി) | ഇതോടൊപ്പം ആലപ്പുഴയിലെ പോർട്ട് നവീകരിച്ച് സഞ്ചാരികൾക്ക് ഉപയോഗിക്കാൻ കഴിയുന്ന രീതിയിൽ യാത്രാ സംവിധാനവും ടൂറിസ്റ്റുകൾക്കുള്ള സൗകര്യവും ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ? | (ബി) | ആലപ്പുഴ തുറമുഖ പ്രദേശത്തിൽ PPP മോഡലിൽ ഒരു മിനി മറീന സ്ഥാപിക്കാനുള്ള സാധ്യതകൾ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ